**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 339** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ. പി. നന്ദകുമാർ, ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7% കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ ചെലവുകളുടെ 62.4% സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമാകുന്നുവെന്ന നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വരുമാനത്തിന്റെയും ചെലവിന്റെയും അനുപാതം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7% കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ ചെലവുകളുടെ 62.4% സംസ്ഥാനങ്ങളാണ് വഹിക്കുന്നതെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ തന്നെ പരാമർശിച്ചിട്ടുണ്ട്. ചെലവിന്റെ ഭാരം അധികവും സംസ്ഥാനങ്ങൾക്ക് ആണെന്ന് ഇതിൽ നിന്നും മനസിലാക്കാം. എന്നിരുന്നാലും, സംസ്ഥാനങ്ങളുടെ ധനാഗമന അധികാരങ്ങൾ വീണ്ടും വെട്ടിക്കുറയ്ക്കുകയും, ചെലവുകൾക്ക് മേൽ നിയന്ത്രണം വയ്ക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതി നികുതിയേതര വരുമാനത്തിൽ ഗണ്യമായ വളർച്ചയാണ് ഇപ്പോൾ ഉണ്ടായികൊണ്ടിരിക്കുന്നത്.<br><br>കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ<br>അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയത് എന്നിവ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട റവന്യൂ വരുമാനത്തിൽ വലിയ കുറവാണ് വരുത്തുന്നത്. ഇവ സംസ്ഥാനത്തെ സാമ്പത്തിക ഞെരുക്കത്തിലേക്ക് തള്ളിവിട്ടുവെങ്കിലും ഈ ആഘാതങ്ങളിൽ നിന്നും സംസ്ഥാനം തിരിച്ചുവരവ് നടത്തികൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടാകുമ്പോഴും സംസ്ഥാനത്തിന്റെ തനത് വരുമാനം |

<table>
<tr><td></td><td></td><td></td><td>വർദ്ധിപ്പിച്ചുകൊണ്ട് സാമൂഹ്യ ക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനുമാണ് സർക്കാർ പരിശ്രമിച്ചു-കൊണ്ടിരിക്കുന്നത്.</td></tr>
<tr><td>(ബി)</td><td>പത്താം ധനകാര്യ കമ്മീഷൻ കാലയവളവിൽ നിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലേയ്ക്ക് എത്തുമ്പോൾ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചു വന്നിരുന്ന വിഹിതം കുറഞ്ഞു വരുന്ന സാഹചര്യമുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ശിപാർശ ചെയ്ത വിഹിതം (ശതമാനകണക്കിൽ) പട്ടികയായി ചുവടെ ചേർക്കുന്നു.
<table>
<tr><th colspan="2">ധനകാര്യ കമ്മീഷൻ</th><th>കേരളത്തിന് ലഭിച്ച വിഹിതം (ശതമാനത്തിൽ)</th></tr>
<tr><td colspan="2">X (1995-2000)</td><td>3.88</td></tr>
<tr><td colspan="2">XI (2000-05)</td><td>3.06</td></tr>
<tr><td colspan="2">XII (2005-10)</td><td>2.67</td></tr>
<tr><td colspan="2">XIII (2010-15)</td><td>2.34</td></tr>
<tr><td colspan="2">XIV (2015-20)</td><td>2.50</td></tr>
<tr><td rowspan="2">XV</td><td>(2020-21)</td><td>1.943</td></tr>
<tr><td>(2021-26)</td><td>1.925</td></tr>
</table>
ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷനിൽ 3.88 ശതമാനമായിരുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നിന്ന് ജി.എസ്.ടി. നഷ്ടപരിഹാര സെസ്സ് പിരിച്ചെടുക്കുന്നുണ്ടോ; എങ്കിൽ ഇതിൽ നിന്നും ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടപരിഹാരം അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ;</td><td>(സി)</td><td>കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നിന്ന് ജി.എസ്.ടി. നഷ്ടപരിഹാര സെസ്സ് പിരിച്ചെടുക്കുന്നുണ്ട്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷൻ ഇനത്തിൽ 43,363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്രം GST സെസ്സ് പിരിവ് തുടരുന്നുണ്ട്.</td></tr>
<tr><td>(ഡി)</td><td>സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് ഇനങ്ങളിൽ സംസ്ഥാനത്തു നിന്നും കേന്ദ്രസർക്കാർ പിരിക്കുന്ന തുകയെത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?</td><td>(ഡി)</td><td>സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് ഇനങ്ങളിൽ പിരിച്ചെടുക്കുന്ന തുകകളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ കേന്ദ്രം വെളിപ്പെടുത്തിയിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ